REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാക് അധീന കശ്മീരും, ഭീകരവാദവും ഒഴികെ മറ്റൊരു വിഷയവും പാകിസ്ഥാനുമായി ചർച്ച ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. 99.32 ശതമാനം വിജയത്തോടെ തിരുവനന്തപുരം മേഖല രണ്ടാം സ്ഥാനത്ത്.**
- **സംസ്ഥാനത്ത് അടുത്ത വർഷം 15,000 സ്റ്റാർട്ട് അപ്പുകളും ഒരുലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വിദ്യാർത്ഥികൾ അഭിരുചിയ്ക്കും താൽപര്യത്തിനും ഇണങ്ങുന്ന തുടർപഠനമേഖല തെരഞ്ഞെടുക്കണമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര കുതിപ്പ് തുടരുന്നു.**

## വാർത്തകൾ വിശദമായി

ഭീകരവാദത്തെ ഒരു തരത്തിലും അംഗീകരിക്കാത്ത ഗവണ്മെന്റാണ് ഇന്ത്യയിലേതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. ഭീകരപ്രവർത്തനവുമായി മുന്നോട്ട് പോയാൽ അത് പാകിസ്ഥാന്റെ തകർച്ചയ്ക്ക് വഴിയൊരുക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാഷ്ട്രത്തെ അഭിസംബോധന ചെയ്യവെ മുന്നറിയിപ്പു നൽകി. പാകിസ്ഥാന് നിലനിൽക്കണമെങ്കിൽ എല്ലാ ഭീകരവാദ പ്രവർത്തനങ്ങളും അവസാനിപ്പിക്കണം. ഭീകരതയും ചർച്ചകളും ഒന്നിച്ചു പോകില്ല- ഭീകരതയും

വ്യാപാരവും യോജിച്ചു പോകില്ല- വെള്ളവും രക്തവും ഒന്നിച്ച് ഒഴുകില്ല- നരേന്ദ്രമോദി വ്യക്തമാക്കി.

പാക് അധീന കശ്മീരും, ഭീകരവാദവും ഒഴികെ മറ്റൊരു വിഷയവും പാകിസ്ഥാനുമായി ചർച്ച ചെയ്യില്ലെന്ന് അദ്ദേഹം ലോകരാജ്യങ്ങളെ അറിയിച്ചു. ഭീകരതയ്ക്കെതിരായ ഓപ്പറേഷൻ സിന്ദൂർ ഒരു പേരു മാത്രമല്ല, ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ വികാരത്തിന്റെ പ്രതിഫലനമാണന്നും, നീതിയ്ക്കായി തുടരുന്ന അടിപതറാത്ത പ്രതിജ്ഞയാണെന്നും പ്രധാനമന്ത്രി വിശദമാക്കി.

സൈനിക നടപടിയിലെ ധീരതയും, സമര വീര്യവും, മികവും ഇന്ത്യയിലെ ഓരോ മാതാവിനും, സഹോദരിക്കും, മകൾക്കും സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഭീകരപ്രവർത്തകരെ നിർമ്മാർജ്ജനം ചെയ്യാൻ ഇന്ത്യൻ സൈന്യത്തിന് ഗവൺമെന്റ് പൂർണ അധികാരം നൽകിയിട്ടുണ്ടെന്നും, ഭീകരപ്രവർത്തനങ്ങളുടെ പ്രത്യാഘാതം അത്തരക്കാർ ഓർത്തുവെക്കണമെന്നും നരേന്ദ്രമോദി മുന്നറിയിപ്പു നൽകി.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തെ തുടർന്ന് BJP ഇന്നു മുതൽ പതിനൊന്ന് ദിവസം തിരംഗ യാത്ര സംഘടിപ്പിക്കും. മോദി ഗവണ്മെന്റിന്റെ ദൃഢനിശ്ചയവും, സായുധ സേനയുടെ പോരാട്ട വീര്യവും സംബന്ധിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാനാണ് തിരംഗ യാത്ര. മുൻ സൈനികരും സാമൂഹ്യ പ്രവർത്തകരുമടക്കം ഒട്ടേറെ പ്രമുഖർ തിരംഗയാത്രയിൽ പങ്കെടുക്കുമെന്ന് BJP നേതൃത്വം അറിയിച്ചു.

✪✪✪

യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്ത് ജമ്മു, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഢ്, രാജ്കോട്ട് എന്നിവിടങ്ങളിലേക്കും, തിരിച്ചും ഇന്ന് സർവീസുകൾ റദ്ദാക്കിയതായി വിമാനക്കമ്പനികളായ എയർ ഇന്ത്യയും, ഇൻഡിഗോയും അറിയിച്ചു. സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്നും യാത്രക്കാരെ വിവരം അറിയിക്കുമെന്നും കമ്പനികൾ ഒരു സാമൂഹിക മാധ്യമത്തിൽ അറിയിച്ചു.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. തിരുവനന്തപുരം മേഖലയിൽ 99.32 ശതമാനം പേർ വിജയിച്ചു. ദേശീയ തലത്തിൽ 88.39 ശതമാനമാണ് വിജയം.

വിജയവാഡ മേഖലയാണ് മുന്നിൽ- 99.60 ശതമാനം. രണ്ടാം സ്ഥാനത്ത് തിരുവനന്തപുരം മേഖലയാണ്.

✪✪✪

പഞ്ചാബ് അമൃത്സർ ജില്ലയിലെ മജിതയിൽ വ്യാജമദ്യം കഴിച്ച് 14 പേർ മരിച്ചതായി ഡെപ്യൂട്ടി പൊലിസ് കമ്മീഷണർ അറിയിച്ചു. ആറ് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ദുരന്തമുണ്ടായ സ്ഥലത്ത് മെഡിക്കൽ സംഘങ്ങൾ എത്തിയിട്ടുണ്ടെന്നും, കൂടുതൽ പേർ വ്യാജമദ്യം കഴിച്ചോയെന്ന പരിശോധന നടത്തുന്നുണ്ടെന്നും പൊലീസ് വ്യക്തമാക്കി. വിതരണക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അന്വേഷണം തുടരുകയാണെന്നും പൊലീസ് വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് അടുത്ത വർഷം 15,000 സ്റ്റാർട്ട് അപ്പുകളും ഒരുലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മന്ത്രിസഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട്ട് സംഘടിപ്പിച്ച ജില്ലാ തല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്തെ ആധുനിക വിജ്ഞാന ഉൽപ്പാദന കേന്ദ്രമായി വികസിപ്പിക്കുമെന്നും വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

2016 ൽ 665 കോടി രൂപയായിരുന്നു ആരോഗ്യമേഖലയ്ക്ക് വകയിരുത്തിയതെങ്കിൽ ഇപ്പോഴത് 2500 കോടി രൂപയായി വർദ്ധിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും 73 ലക്ഷം ആളുകൾക്ക് ഇൻഷൂറൻസ് പരിരക്ഷ ലഭിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. 612 ആശുപത്രികൾ വഴി ഇരുപത്തിയേഴര ലക്ഷം ആളുകൾക്ക് 2,762 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞെന്നും അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റം വന്നെന്നും 5000 കോടി രൂപ ചെലവഴിച്ചതുകൊണ്ടാണ് ഇത് സാധ്യമായതെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി പത്ത് ലക്ഷം കുട്ടികൾ പുതുതായി സ്കൂളുകളിൽ ചേർന്നതായി പിണറായി വിജയൻ അറിയിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ രാജ്യത്തെ ഒരു ഡസൺ യൂണിവേഴ്സിറ്റികളെടുത്താൽ ആദ്യത്തെ മൂന്നെണ്ണം കേരളത്തിലേതാണെന്നും രാജ്യത്തെ മികച്ച നൂറു കോളജുകളിൽ 16 എണ്ണം കേരളത്തിലേതാണെന്നും മുഖ്യമന്ത്രി അവകാശപ്പെട്ടു.

വാർഷികത്തോട് അനുബന്ധിച്ച് LDF സംഘടിപ്പിക്കുന്ന റാലി വൈകിട്ട് കോഴിക്കോട് ബീച്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നഗരത്തിൽ ഇതിന്റെ ഭാഗമായി ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

മലപ്പുറത്തെ 'എന്റെ കേരളം' പ്രദർശന വിപണനമേള ഇന്ന് സമാപിക്കും. ഈ മാസം ഒൻപതിന് കോട്ടക്കുന്ന് മൈതാനത്താണ് മേള ആരംഭിച്ചത്.

✪✪✪

കുടുംബശ്രീയുടെ പന്ത്രണ്ടാമത് ദേശീയ സരസ് മേള ഇന്ന് കോഴിക്കോട്ട് സമാപിക്കും. 250 ഓളം വിപണന സ്റ്റാളുകളും 46 ലേറെ ഫുഡ് കോർട്ടുകളും മേളയിലുണ്ട്. 'എന്റെ കേരളം' പ്രദർശന വിപണന മേള ഇന്നലെ സമാപിച്ചിരുന്നു.

✪✪✪

വിദ്യാർത്ഥികൾ അഭിരുചിയ്ക്കും താൽപര്യത്തിനും ഇണങ്ങുന്ന തുടർപഠനമേഖലയാണ് തെരഞ്ഞെടുക്കേണ്ട തെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. വിദ്യാർത്ഥികളെ സഹായിക്കുന്നതിന് എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും പരിശീലനം ലഭിച്ച ഒരു അധ്യാപകൻ കരിയർ ഗൈഡായി പ്രവർത്തിച്ചുവരുന്നുണ്ടെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ആവശ്യമായ നിർദേശങ്ങൾ നൽകാൻ ഗൈഡുമാർ സജ്ജരാണെന്നും വിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ K-DAT എന്ന പേരിൽ അഭിരുചി പരീക്ഷയുണ്ടെന്നും മന്ത്രി അറിയിച്ചു. ഇന്ത്യയിലാദ്യമായി ഓൺലൈൻ അഭിരുചി പരീക്ഷ വികസിപ്പിച്ചത് കേരളത്തിലാണെന്നും ശിവൻകുട്ടി പറഞ്ഞു.

സംസ്ഥാനത്തെ ഹയർസെക്കൻഡറിയും പത്താം ക്ലാസും പാസായ വിദ്യാർത്ഥികൾക്ക് രാവിലെ പത്ത് മുതൽ ഒരുമണി വരെ ആഫ്റ്റർ ടെൻത്ത് ഫോക്കസ് എന്ന പേരിൽ ഓറിയന്റേഷൻ പ്രോഗ്രാം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന് നാളെ മുതൽ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം. ഈമാസം 20 വരെ അപേക്ഷ നൽകാം. ഈ മാസം 24 നാണ് ട്രയൽ അലോട്ട്മെന്റ്.

✪✪✪

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസ ടൗൺഷിപ്പ് നിർമ്മാണ പ്രവൃത്തികൾക്ക് വേഗം കൂട്ടാൻ കൂടുതൽ സന്നാഹങ്ങളെത്തി. ഒരേസമയം പത്ത് മണ്ണുമാന്തി യന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് വേഗം പോരാ എന്ന പരാതിയെ തുടർന്നാണ് കൂടുതൽ യന്ത്രങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എത്തിച്ചത്.

മഴ ആരംഭിക്കുന്നതിന് മുമ്പ് തന്നെ വീടുകളുടെ അടിത്തറ പൂർത്തിയാക്കുകയാണ് ലക്ഷ്യം. തൊഴിലാളികളുടെ എണ്ണവും ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ 200 പേർ ഒരേ സമയം ജോലി ചെയ്തു വരുന്നു. നിർമ്മാണ പ്രവൃത്തികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചിരുന്നു.

✪✪✪

UDF കൺവീനർസ്ഥാനം ഏറ്റെടുക്കാൻ നേതൃത്വം ആവശ്യപ്പെട്ടപ്പോൾ സന്തോഷത്തോടെ സ്വീകരിച്ചതാണെന്ന് UDF കൺവീനർ അടൂർ പ്രകാശ് പറഞ്ഞു. മറ്റ് നേതാക്കൾക്ക് അതൃപ്തിയുണ്ടോ എന്ന കാര്യം അറിയില്ലെന്നും അടൂർ പ്രകാശ് ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മുതലപ്പൊഴിയിൽ ഡ്രഡ്ജിങ് ഭാഗികമായി പുനരാരംഭിച്ചു. കണ്ണൂരിൽ നിന്ന് കൊണ്ടുവന്ന ഡ്രഡ്ജറുപയോഗിച്ചാണ് മണൽ നീക്കം ചെയ്യുന്നത്.

✪✪✪

IPL ക്രിക്കറ്റ് മത്സരങ്ങൾ ഈ മാസം 17 ന് പുനഃരാരംഭിക്കാൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് തീരുമാനിച്ചു. എന്നാൽ മൊഹാലിയിലും ധർമ്മശാലയിലും മത്സരങ്ങൾ ഉണ്ടാവില്ല. ഇന്ത്യ-പാക് അതിർത്തി പ്രശ്നങ്ങളെത്തുടർന്നാണ് ഒരാഴ്ച IPL മത്സരങ്ങൾ നിർത്തിവെച്ചത്.

17 ന് ബംഗളൂരു M ചിന്നസ്വാമി സ്റ്റേഡിയത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

✪✪✪

ബിഹാറിൽ 27-ാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര കുതിപ്പ് തുടരുന്നു. 36 സ്വർണ്ണവും 27 വെള്ളിയും 25 വെങ്കലവുമായി ആകെ 88 മെഡലുകളുമായാണ് മഹാരാഷ്ട്ര മുന്നിട്ടു നിൽക്കുന്നത്. 16 സ്വർണവും എട്ട് വെള്ളിയും 11 വെങ്കലവുമായി രാജസ്ഥാനാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

പയ്യന്നൂരിൽ അഖിലേന്ത്യാ വോളിബോൾ ടൂർണമെന്റിൽ വൈകിട്ട് ഏഴിന് വനിതാ വിഭാഗത്തിൽ ഇൻകം ടാക്സ് ബെംഗളൂരു, ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയെ നേരിടും. രാത്രി എട്ടരയ്ക്ക് പുരുഷ വിഭാഗത്തിൽ കേരള പോലീസ്, കൊച്ചിൻ കസ്റ്റംസുമായും ഏറ്റുമുട്ടും.

✪✪✪

"റോം മാസ്റ്റേഴ്സ്" ടെന്നീസ് ചാമ്പ്യൻഷിപ്പ് പുരുഷ ഡബിൾസിൽ ഇന്ത്യൻ താരങ്ങളായ രോഹൻ ബൊപ്പണ്ണ - ചെക്- ന്റെ ആദം പാവ്‌ലാസെക്ക് സഖ്യം രണ്ടാം റൗണ്ടിലേക്ക് കടന്നു. ന്യൂസിലാൻഡ് - ക്രൊയേഷ്യ സഖ്യത്തെയാണ് അവർ പരാജയപ്പെടുത്തിയത്. അടുത്ത റൗണ്ടിൽ അവർ ബ്രിട്ടന്റെ ജോ സാലിസ്ബറി, നീൽ സ്കുപ്സ്കി എന്നിവരെ നേരിടും.

✪✪✪

സംസ്ഥാനത്ത് കാലവർഷം മെയ് 27-ഓടെ എത്താൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും ചിലയിടങ്ങളിൽ മഴ പെയ്തേക്കും. അതേ സമയം ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഇന്നത്തോടെ കാലവർഷം എത്തിചേർന്നേക്കുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി.

✪✪✪

പ്രസിദ്ധമായ കൊട്ടിയൂർ വൈശാഖോത്സവത്തിന് ജൂൺ എട്ടിന് നെയ്യാട്ടത്തോടെ തുടക്കമാവും. ഉത്സവത്തിന്റെ തീയതിയും ചടങ്ങുകളും നിശ്ചയിക്കുന്ന പ്രക്കുഴം ചടങ്ങ് ഇക്കരെ ക്ഷേത്രസന്നിധിയിലെ കുത്തോട് മണ്ഡപത്തിൽ നടന്നു.

✪✪✪

കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഈ മാസം ക്യാമ്പ് സിറ്റിങ് നടത്തും. മെയ് 27, 28 തീയതികളിൽ കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും മെയ് 29, 30 തീയതികളിൽ കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലുമാണ് ക്യാമ്പ്. സിറ്റിങ്ങിന് ലോകായുക്ത ജസ്റ്റിസ് N അനിൽകുമാറും, ഉപലോകായുക്ത ജസ്റ്റിസ് V. ഷെർസിയും നേതൃത്വം നൽകും.

✪✪✪

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച, D പ്രദീപ്കുമാറിന്റെ "ശബ്ദരേഖ - മലയാള പ്രക്ഷേപണ ചരിത്രം" എന്ന പുസ്തകം മഞ്ചേരിയിൽ കവിയും പ്രഭാഷകനുമായ PP ശ്രീധരനുണ്ണി വൈകിട്ട് പ്രകാശനം ചെയ്യും.

അഖിലകേരള റേഡിയോ ലിസണേഴ്സ് അസോസിയേഷന്റെയും, മഞ്ചേരി FM സംരക്ഷണസമിതി യുടെയും, കല മഞ്ചേരിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ശ്രോതാക്കളുടെ സംഗമം ഉച്ചകഴിഞ്ഞ് മഞ്ചേരി ജയശ്രീ ഓഡിറ്റോറിയത്തിൽ ആരംഭിക്കും.

✪✪✪

*News Editor: വി.കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*News Team: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*